# യോഹന്നാന്റെ ജീവപഠനം

## ദൂത് പത്ത്

## ക്രിസ്തുവിന്റെ വർദ്ധനവും അപരിമേയനായ ക്രിസ്തുവും

ഞാൻ യുവാവ് ആയിരുന്നപ്പോൾ വേദപുസ്തകത്തിലെ അനേക കാര്യങ്ങൾ എന്നെ വിഷമിപ്പിച്ചിരുന്നു; അതിലൊന്ന് യോഹന്നാന്റെ സുവിശേഷം 3-ാം അദ്ധ്യായത്തിലുണ്ട്. ഇത് വീണ്ടുംജനനത്തെക്കുറിച്ച് പറയുന്ന വളരെ ഉത്കൃഷ്ടമായ അദ്ധ്യായം ആണെങ്കിലും, 22-ാം വാക്യത്തിൽ തുടങ്ങി പെട്ടെന്ന് അത് താഴ്ന്ന നിലവാരത്തിലേക്ക് പോകുന്നതായി എനിക്ക് തോന്നി. "അതിന്റെ ശേഷം യേശു ശിഷ്യന്മാരുമായി യെഹൂദ്യദേശത്തു വന്നു അവരോടുകൂടെ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു" എന്ന് 22-ാം വാക്യം പറയുന്നു. ഒരു യുവാവായ ഞാൻ ഈ വാക്യം വായിച്ചപ്പോൾ, അവിടെ ഇതിന്റെ ആവശ്യമില്ലായിരുന്നു എന്ന് ഞാൻ ചിന്തിച്ചു. ഇപ്രകാരമുള്ളതായ ഒരു രേഖ ആവശ്യമില്ലാത്തതായിരുന്നു എന്ന് എനിക്കു തോന്നി. "യോഹന്നാനും ശാലേമിന് അടുത്ത് ഐനോനിൽ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു; അവിടെ വളരെ വെള്ളം ഉണ്ടായിരുന്നു" എന്നു പറയുന്ന 23-ാം വാക്യത്തെക്കുറിച്ചും, അതേ തോന്നൽ എനിക്കുണ്ടായി. "അന്ന് യോഹന്നാനെ തടവിൽ ആക്കിയിരുന്നില്ല" എന്നു പറയുന്ന 24-ാം വാക്യവും എന്നെ വിഷമിപ്പിച്ചു. ഇത് എന്തിനെക്കുറിച്ചാണ്? സ്വർഗ്ഗീയവും ആത്മീയവുമായ കാര്യങ്ങൾ പരാമർശിച്ചശേഷം എന്തിനാണ് തടവിലാക്കൽ പോലുള്ള കാര്യങ്ങൾ പരാമർശിക്കുന്നത്? ഇതിനുള്ള കാരണം 26-ാം വാക്യത്തിൽ കാണുന്നു. "അവർ യോഹന്നാന്റെ അടുക്കൽ വന്ന് അവനോട്, റബ്ബീ യോർദ്ദാനക്കരെ നിന്നോടുകൂടെ ഇരുന്നവൻ, നീ സാക്ഷ്യപ്പെടുത്തിയിട്ടുള്ളവൻ തന്നെ ഇതാ സ്നാനം കഴിപ്പിക്കുന്നു. എല്ലാവരും അവന്റെ അടുക്കൽ ചെല്ലുന്നു എന്നു പറഞ്ഞു." എന്തുകൊണ്ട് യോഹന്നാൻ ഈ വാക്യങ്ങളൊക്കെ ഉൾപ്പെടുത്തി? കൗശലം വെളിപ്പെടുത്തുവാൻ വേണ്ടി മാത്രം. എന്താണ് ഈ കൗശലം? ആർക്കാണ് ആൾക്കൂട്ടവും അനുഗാമികളും ഉള്ളത് എന്ന വിഷയ

മാണ് ഇത്."ഇവൻ എന്നെ അനുഗമിക്കുന്നവൻ ആണ്. ഇവർ എല്ലാവരും എന്റെ അനുഗാമികളാണ്. എന്തിന് അവരിൽ ചിലർ നിന്റെ അടുക്കൽ വരുന്നു?"എന്നാണ് ഇന്നത്തെ ജനത്തിന്റെ മനോഭാവം. ഇന്നു നാം കാണുന്നതുതന്നെ യോഹന്നാൻ സ്നാപകന്റെ കാലത്തും ഉണ്ടായിരുന്നു.

യോഹന്നാന്റെ മറുപടി 27-ാം വാക്യത്തിൽ തുടങ്ങുന്നു."അതിനു യോഹന്നാൻ, സ്വർഗ്ഗത്തിൽനിന്നു കൊടുത്തിട്ടല്ലാതെ മനുഷ്യന് ഒന്നും ലഭിക്കുവാൻ കഴിയുകയില്ല. ഞാൻ ക്രിസ്തു അല്ല, അവനു മുമ്പായി അയയ്ക്കപ്പെട്ടവനാണ് എന്നു ഞാൻ പറഞ്ഞതിനു നിങ്ങൾ തന്നെ എനിക്കു സാക്ഷികൾ ആകുന്നു"(27-28). ഞാൻ അവിടെ ഉണ്ടായിരുന്നുവെങ്കിൽ, യോഹന്നാനോട് ഇങ്ങനെ പറയുമായിരുന്നു,"സഹോദരാ, കാര്യങ്ങൾ ഇങ്ങനെ ആകുന്നുവെങ്കിൽ നീ ഇനിയും സ്നാനം കഴിപ്പിക്കാതെ വീട്ടിൽ പോകണം. നീ സാക്ഷ്യപ്പെടുത്തിയവൻ ഇപ്പോൾ സ്നാനം കഴിപ്പിക്കുന്നതിനാൽ നിന്റെ സ്നാനം കഴിപ്പിക്കൽ നീ നിറുത്തണം. നീ സ്നാനം കഴിപ്പിക്കുന്നത് തുടർന്നാൽ നീ തീർച്ചയായും തടവറയിൽ അടയ്ക്കപ്പെടും."യോഹന്നാൻ നല്ലവൻ ആയിരുന്നു. എന്നാൽ അവൻ തെളിവായി മനസ്സിലാക്കിയിരുന്നില്ല. യേശു രംഗത്തേക്ക് വന്നശേഷവും യോഹന്നാൻ അവിടെത്തന്നെ തുടർന്നു എന്നതായിരുന്നു പ്രശ്നം. മുഴുവൻ രംഗവും യേശു സ്വായത്തമാക്കുവാൻ അനുവദിച്ചുകൊണ്ട്, യോഹന്നാൻ പിൻവാങ്ങേണ്ടതായിരുന്നു. അവിടെ നായകനായി ഒരാളല്ലാതെ, രണ്ടു പേർ ഉണ്ടാകുവാൻ പാടില്ലായിരുന്നു. ഞാൻ യുവാവായിരുന്നപ്പോൾ, എന്തുകൊണ്ട് യോഹന്നാൻ തടവിൽ ആയി എന്ന് എനിക്കു മനസ്സിലായിരുന്നില്ല. അവൻ രംഗത്തുനിന്നും പിൻമാറാതിരുന്നതുകൊണ്ടാണ് തടവിൽ ആയത്, എന്ന് പിന്നീട് ഞാൻ മനസ്സിലാക്കി.

## I. യേശുവിന്റെ വർദ്ധനവ്

എന്നിരുന്നാലും, യോഹന്നാൻ പറഞ്ഞു: "മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു; മണവാളന്റെ സ്നേഹിതനോ, നിന്നു മണവാളന്റെ സ്വരം കേട്ടിട്ട് അത്യന്തം സന്തോഷിക്കുന്നു; ഈ എന്റെ സന്തോഷം പൂർത്തിയായിരിക്കുന്നു. അവൻ വളരണം ഞാനോ കുറയണം"എന്ന് (വാ.29-30). അനേക ക്രിസ്ത്യാനികൾ, പ്രത്യേകിച്ച് ക്രിസ്തീയ ഉപദേഷ്ടാക്കൾ, 30-ാം വാക്യം തെറ്റായി വ്യാഖ്യാനിക്കുന്നു. നിങ്ങൾ കുറയുകയും ക്രിസ്തു വളരുകയും ചെയ്യണം എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? ഇതിന്റെ അർത്ഥം നിങ്ങൾ രംഗത്തുനിന്ന്, അനുയായികളെ വയ്ക്കുന്നതിൽ നിന്ന്, പിൻവാങ്ങുകയും, മുഴുവൻ അനുയായികളുമായി രംഗത്തിന്റെ നായക സ്ഥാനത്ത് ക്രിസ്തുവിനെ മാത്രം അനുവദിക്കുകയും ചെയ്യുക എന്നതാണ്. എല്ലാ അനുയായികളും

ക്രിസ്തുവിലേക്ക് നടത്തപ്പെടണം. ആരും യോഹന്നാൻ സ്നാപകനിലേക്കോ, മറ്റാരുടെയെങ്കിലും അടുത്തേക്കോ, പോകുവാൻ പാടില്ല. യോഹന്നാൻ ഈ വിഷയം തന്റെ ശിഷ്യന്മാർക്ക് വ്യക്തമാക്കി കൊടുക്കാതിരുന്നതിനാൽ, അവർ അവന്റെ നിമിത്തം അസൂയയുള്ളവരായിത്തീർന്നു. ആളുകൾ എല്ലാവരും യേശുവിന്റെ അടുക്കലേക്ക് പോകുന്നത് യോഹന്നാന്റെ ശിഷ്യന്മാർ കണ്ടപ്പോൾ, അവർ അസന്തുഷ്ടരായി. അവർ ഇങ്ങനെ പറഞ്ഞുകാണും,"എന്തുകൊണ്ടാണ് ഈ ജനം ഞങ്ങളുടെ ഗുരുവിനെ അനുഗമിക്കാതെ യേശുവിന്റെ അടുക്കൽ പോകുന്നത്?" നിങ്ങൾ ഈ ആശയം കണ്ടുവോ? യോഹന്നാൻ രംഗത്തുനിന്നു പിൻമാറിയിരുന്നുവെങ്കിൽ, അവിടെ പ്രശ്നമൊന്നും ഉണ്ടാകുമായിരുന്നില്ല. തനിക്കായി അനുയായികളെ സ്വീകരിക്കാതെ തന്റെ എല്ലാ ശിഷ്യന്മാരോടും കർത്താവായ യേശുവിന്റെ അടുക്കൽ പോകണമെന്ന് അവൻ പറഞ്ഞിരുന്നുവെങ്കിൽ, അവിടെ ഒരു പ്രയാസവുമുണ്ടാകുമായിരുന്നില്ല.

## A. മണവാട്ടിക്കുവേണ്ടി മണവാളനായി ക്രിസ്തു വരുന്നു

എങ്കിലും യോഹന്നാൻ ശിഷ്യന്മാർക്ക് മറുപടി നൽകുമ്പോൾ, താൻ ക്രിസ്തുവോ, മണവാട്ടിക്കായി വന്ന മണവാളനോ അല്ല, മണവാളന്റെ സ്നേഹിതൻ മാത്രമാകുന്നു എന്ന് അവർക്ക് വ്യക്തമാക്കിക്കൊടുത്തു. ക്രിസ്തുവായിരുന്നു മണവാട്ടിക്കായി വന്ന മണവാളനെന്ന് അവൻ അവരോട് വ്യക്തമായി പറഞ്ഞു. ആളുകൾ യോഹന്നാനെ അനുഗമിക്കരുതായിരുന്നു; അവർ ക്രിസ്തുവിന് മണവാട്ടിയെ ലഭിക്കുവാൻ ക്രിസ്തുവിനെ അനുഗമിക്കണമായിരുന്നു.

## B. വീണ്ടുംജനിച്ചവർ എല്ലാവരും ദൈവം ക്രിസ്തുവിനു നൽകിയ ക്രിസ്തുവിന്റെ മണവാട്ടി എന്ന നിലയിൽ ഒന്നായിത്തീരുന്നു

പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ യോഹന്നാൻ തന്റെ സുവിശേഷം എഴുതി. വീണ്ടുംജനിച്ചവരായ ക്രിസ്തുവിന്റെ അനുയായികളെല്ലാം അവന്റെ വർദ്ധനവാകുന്നു എന്ന് യോഹന്നാന്റെ വാക്കുകളിൽ നമുക്ക് കാണുവാൻ കഴിയും. 30-ാം വാക്യത്തിലെ വർദ്ധനവാണ് 29-ാം വാക്യത്തിലെ മണവാട്ടി. അവിടെ മണവാട്ടി വീണ്ടുംജനിച്ച എല്ലാവരുടെയും ജീവനുള്ള സംഘടനമാണ്. ഇതിനർത്ഥം, വീണ്ടുംജനനത്തെക്കുറിച്ചുള്ള ഈ അദ്ധ്യായത്തിൽ, വീണ്ടുംജനനം എന്നാൽ വിശ്വാസികളിലേക്ക് ദിവ്യജീവൻ കൊണ്ടുവരുകയും ജഡത്തിലുള്ള അവരുടെ സാത്താന്യ സ്വഭാവത്തെ ഇല്ലായ്മ ചെയ്യുകയും മാത്രമല്ല, ക്രിസ്തുവിന്റെ വർദ്ധനവിനുവേണ്ടി അവരെ ഒരു സംഘാത മണവാട്ടി ആക്കുകയും ചെയ്യുക എന്നാണ്. വിശ്വാസിക

ളിലുള്ള സർപ്പസ്വഭാവത്തെ ഇല്ലായ്മ ചെയ്യുകയും അവരെ ക്രിസ്തുവിന്റെ മണവാട്ടി ആക്കിത്തീർക്കുകയും ചെയ്യുകയെന്ന രണ്ടുകാര്യവും യോഹന്നാൻ തന്റെ വെളിപ്പാട് പുസ്തകത്തിൽ പൂർണ്ണമായും വികസിപ്പിച്ചിട്ടുണ്ട്. പഴയസർപ്പം എന്ന നിലയിൽ സാത്താനെ എങ്ങനെ അവസാനിപ്പിക്കും(വെളി.20:2,10) എന്നും, ക്രിസ്തുവിന്റെ മണവാട്ടി എന്ന നിലയിൽ പുതിയ യെരുശലേം എങ്ങനെ പൂർണ്ണമായും ഉളവാകും(വെളി.21:2,10-27) എന്നും വെളിപ്പാട് പുസ്തകം പ്രധാനമായും വെളിപ്പെടുത്തുന്നു.

യോഹന്നാൻ 3-ാം അദ്ധ്യായത്തിലെ വീണ്ടുംജനനം മിക്ക ക്രിസ്ത്യാനികൾക്കും സുപരിചിതമെങ്കിലും, അവന്റെ മണവാട്ടിയായ അവന്റെ വർദ്ധനവിന്റെ ഭാഗമാണ് ഓരോ വീണ്ടുംജനിച്ച വ്യക്തിയും എന്ന കാര്യം വളരെ കുറച്ചുപേർ മാത്രമേ കണ്ടിട്ടുള്ളൂ. വീണ്ടും ജനനം ക്രിസ്തുവിന്റെ വർദ്ധനവിനുവേണ്ടിയാണ്. ഇത് അവന്റെ മണവാട്ടിയെ ഉളവാക്കുന്നതിനാണ്. വീണ്ടുംജനനം നിങ്ങളെ ക്രിസ്തുവിന്റെ മണവാട്ടിയുടെ ഒരു ഭാഗമാക്കി തീർക്കുന്നതിനാണ്. ക്രിസ്തുവിന്റെ വർദ്ധനവിനുവേണ്ടിയുള്ള വീണ്ടുംജനനത്തിന്റെ അദ്ധ്യായമാണ് യോഹന്നാൻ 3. അനേക ക്രിസ്ത്യാനികളും വീണ്ടുംജനനത്തെ മാത്രമേ കാണുന്നുള്ളൂ. വീണ്ടുംജനനത്തിന്റെ ഉദ്ദേശ്യം അവർ കാണുന്നില്ല. വീണ്ടുംജനനം കേവലം നിങ്ങൾക്ക് നിത്യജീവൻ ഉണ്ടാകുവാൻവേണ്ടി മാത്രമാണോ? അല്ല! ഇത് അതിനെക്കാൾ കൂടുതലായ ചിലതിനുവേണ്ടിയാണ്. വീണ്ടുംജനനം, നാം ക്രിസ്തുവിന്റെ വർദ്ധനവായ അവന്റെ മണവാട്ടിയായി പണിയപ്പെടുന്നതിന് ആണ്.

ആദിയിൽ നാം എല്ലാവരും സർപ്പസ്വഭാവമുള്ള ചെറിയ സർപ്പങ്ങൾ ആയിരുന്നു. വീണ്ടുംജനനത്താൽ സർപ്പസ്വഭാവം നീങ്ങിപ്പോയി. കഴിഞ്ഞ ദൂതിൽ ഇത് നാം വ്യക്തമായി കണ്ടു. അതിലുപരിയായി, വീണ്ടുംജനനത്തിൽ നാം ദിവ്യജീവനോടുകൂടെ മുളപ്പിക്കപ്പെട്ടു. നമ്മുടെ സർപ്പസ്വഭാവം നീക്കപ്പെടുകയും നാം ദിവ്യജീവനോടുകൂടെ മുളപ്പിക്കപ്പെടുകയും ചെയ്തതിനാൽ, നാമെല്ലാവരും മണവാട്ടിയുടെ ഭാഗമാണ്. നിങ്ങൾ സർപ്പസ്വഭാവമുള്ളവരാണോ, അതോ ക്രിസ്തുവിന്റെ മണവാട്ടിയുടെ ഭാഗമാണോ? നാം ക്രിസ്തുവിന്റെ മണവാട്ടിയുടെ ഭാഗമാണ്! നാം ക്രിസ്തുവിന്റെ വർദ്ധനവിന്റെ ഭാഗമാണ്!

യോഹന്നാന്റെ സുവിശേഷം ക്രിസ്തുവിന്റെ വർദ്ധനവിനെ സംബന്ധിച്ചുള്ള ഒരു പുസ്തകമാണ്. മണവാളനായ ക്രിസ്തുവിന് ഒരു മണവാട്ടിയെ ആവശ്യമാണ്. ഇതിനുവേണ്ടി അവൻ വന്നു. അവന്റെ വർദ്ധനവിനുവേണ്ടി അവൻ വന്നു. എങ്ങനെ അവന്റെ വർദ്ധനവ് അവൻ നേടും? നമ്മിലേക്ക് പ്രവേശിച്ച് നമ്മെ അവന്റെതന്നെ ഭാഗ

മാക്കുന്നതിലൂടെ. നാമെല്ലാവരും ക്രിസ്തുവിന്റെ ഭാഗങ്ങളാണ്. ക്രിസ്തുവിന്റെ ഭാഗങ്ങളായ നാം ഒരുമിച്ച് ചേർന്നതാണ് അവന്റെ മണവാട്ടി, അവന്റെ വർദ്ധനവ്. രക്ഷയും വീണ്ടുംജനനവും ഇതിനുവേണ്ടി, ക്രിസ്തുവിന്റെ വർദ്ധനവായ മണവാട്ടിക്കുവേണ്ടി ആണ്.

## C. ക്രിസ്തുവിന്റെ മണവാട്ടി അവന്റെ വർദ്ധനവ്

ക്രിസ്തുവിന്റെ മണവാട്ടി അവന്റെ വർദ്ധനവാകുന്നു. വീണ്ടുംജനിച്ചവർ എല്ലാവരും ക്രിസ്തുവിന്റെ വർദ്ധനവാണ്. ഈ വർദ്ധനവാണ് ക്രിസ്തുവിന്റെ നേർപകുതിയായിത്തീരുന്ന അവന്റെ മണവാട്ടി. വീണ്ടുംജനിച്ച എല്ലാവരും ചേർന്നുള്ള സഭയാണ് മണവാട്ടി. വീണ്ടും ജനിച്ച എല്ലാവരും ക്രിസ്തുവിന് അനുയോജ്യയായ സംഘാത മണവാട്ടിയായി തമ്മിൽ കൂടിച്ചേരുന്നു. വീണ്ടുംജനനം കൂടാതെ, ക്രിസ്തുവിന് അവന്റെ വർദ്ധനവായി ഒരു മണവാട്ടിയുണ്ടാകുവാൻ സാദ്ധ്യമല്ല.

ഹവ്വാ ആദാമിന്റെ വർദ്ധനവായിരുന്നതുപോലെയാണ്, ക്രിസ്തുവിന്റെ വർദ്ധനവായി മണവാട്ടി. ആദാം സൃഷ്ടിക്കപ്പെട്ടപ്പോൾ അവൻ ഏകൻ-ഒരു അവിവാഹിതൻ എന്നു വിളിക്കപ്പെടുന്നവൻ- ആയിരുന്നു. ആദാമിന്റെ ഏകൻ എന്ന അവസ്ഥയിൽ അവിടെ വർദ്ധനവില്ലായിരുന്നു. ദൈവം ആദാമിൽനിന്ന് ഒരു വാരിയെല്ല് എടുത്ത്, അതുകൊണ്ട് ഒരു സ്ത്രീയെ ഉണ്ടാക്കിയ ശേഷം, ഈ സ്ത്രീയെ ആദാമുമായി വിവാഹം കഴിപ്പിച്ചു (ഉല്പ.2:21-24). അവൾ ആദാമിനോട് ചേർന്നപ്പോൾ, അവൾ ആദാമിന്റെ വർദ്ധനവായിത്തീർന്നു. ആദാമിന് ഒരു വർദ്ധനവ് ലഭിച്ചു. പിന്നീടൊരിക്കലും അവൻ ഏകനായിരുന്നില്ല.

ക്രിസ്തുവും ഏകനായിരുന്നു; അതുകൊണ്ട് അവന്റെതന്നെ വർദ്ധനവായ ഒരു മണവാട്ടിയെ അവൻ ഉണ്ടാക്കി. എന്നാൽ ആരാണ് ക്രിസ്തുവിന്റെ വർദ്ധനവ്, അവന്റെ മണവാട്ടി? ജീവനായ അവനോടുകൂടെ വീണ്ടുംജനിച്ചവർ മാത്രം. വീണ്ടുംജനനത്താൽ നാം ക്രിസ്തുതന്നെയാകുന്ന ദൈവജീവൻ അവകാശമാക്കുകയും അങ്ങനെ ക്രിസ്തുവിന്റെ സംഘാതമണവാട്ടിയുടെ അംഗങ്ങളാകുകയും ചെയ്യുന്നു. പിന്നീട് ഇതേ എഴുത്തുകാരൻ വെളിപ്പാട് പുസ്തകത്തിൽ, ക്രിസ്തുവിന്റെ മണവാട്ടി, കുഞ്ഞാടിന്റെ മണവാട്ടി, പുതിയ യെരുശലേം ആകുന്നു എന്ന് പറയുന്നു (വെളി.21:2,9-10). എന്താണ് പുതിയ യെരുശലേം? വീണ്ടും, ഇത് ആത്മാവിന്റെ വീണ്ടുംജനനത്താൽ വീണ്ടുംജനിച്ച എല്ലാവരുടെയും സംഘടനമാണ്. നിങ്ങൾ വീണ്ടുംജനിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾ ക്രിസ്തുവിന്റെ വർദ്ധനവിന്റെ ഭാഗം, ക്രിസ്തുവിന്റെ സംഘാതമണവാട്ടിയുടെ ഒരു അംഗം ആണ്. അത് ഇന്ന് സഭയാണ്; അത് ഭാവിയിൽ പുതിയ യെരുശലേമായി പരിണതി പ്രാപിക്കും.

നമുക്ക് ക്രിസ്തുവിന്റെ വർദ്ധനവായിത്തീരുവാൻ എങ്ങനെ കഴിയും? വീണ്ടുംജനനത്തിൽ കൂടിയാണ് ക്രിസ്തുവിന്റെ വർദ്ധനവ് ഉളവാകുന്നത് എന്ന് ഞങ്ങൾ ഒരു പ്രാവശ്യംകൂടി ആവർത്തിക്കുന്നു. ഉദാഹരണത്തിന്, നാം നമ്മുടെ മാതാപിതാക്കളിൽനിന്നു ജനിച്ചപ്പോൾ നാം ആദാമിന്റെ വർദ്ധനവായിരുന്നു. ആദാം എല്ലാദിവസവും വർദ്ധിക്കുന്നു എന്ന് നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടോ? ആദാമിന് ഇന്ന് എത്ര വലിപ്പമുണ്ടെന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഏകദേശം ആറായിരം വർഷം മുമ്പ്, ഏദൻതോട്ടത്തിൽ ആദാം തനിയെ ആയിരുന്നപ്പോൾ, അവൻ ഏകൻ-ഒരു അവിവാഹിതൻ ആയിരുന്നു. എന്നിരുന്നാലും, തലമുറകളിലൂടെ ആദാം അനേകം പിന്തുടർച്ചക്കാരെ നേടി. അവന്റെ പിന്തുടർച്ചക്കാരെല്ലാവരും അവന്റെ വർദ്ധനവാണ്. ഇന്ന് ജീവിച്ചിരിക്കുന്നവരെ മാത്രം എണ്ണിയാൽ ആദാം ഏകദേശം മുന്നൂറ് കോടിയായി വർദ്ധിച്ചിരിക്കുന്നു. ഇങ്ങനെയുള്ള ഒരു വലിയ ആദാമായിട്ട് അവൻ വർദ്ധിച്ചു. ക്രിസ്തുവും വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനായി കർത്താവിന് സ്തോത്രം. എന്നാൽ അവൻ വർദ്ധിക്കുന്നത് നമ്മുടെ ഒന്നാം ജനനത്താലല്ല. നമ്മുടെ ഒന്നാം ജനനം ആദാമിന്റെ വർദ്ധനവിനാണ്; നമ്മുടെ രണ്ടാം ജനനം ക്രിസ്തുവിന്റെ വർദ്ധനവിനാണ്. നിങ്ങൾക്ക് ഒരു കുട്ടിയുണ്ടാകുമ്പോൾ, അത് ആദാമിന്റെ വർദ്ധനവിനായുള്ള മറ്റൊരു വ്യക്തിയാണ്. എന്നിരുന്നാലും, മറ്റൊരു സാദ്ധ്യതയ്ക്കായി നിങ്ങൾ കർത്താവിനോട് നന്ദി പറയണം. ഈ ഒരിക്കലായി -ജനിച്ചവനും ക്രിസ്തുവിന്റെ വർദ്ധനവിനായി വീണ്ടുംജനിക്കാം. നിങ്ങളുടെ എല്ലാ കുട്ടികളും ആദാമിന്റെ വർദ്ധനവാകുന്നതുപോലെതന്നെ ക്രിസ്തുവിന്റെ വർദ്ധനവായി വീണ്ടുംജനിക്കുവാനും സാദ്ധ്യതയുണ്ട്.

നിങ്ങൾ ക്രിസ്തുവിന്റെ വർദ്ധനവാണോ അതോ ആദാമിന്റെ വർദ്ധനവാണോ? മുമ്പ്, നാം ആദാമിന്റെ വർദ്ധനവ് മാത്രമായിരുന്നു എന്ന് പറയേണ്ടിയിരുന്നു. ഇപ്പോൾ വീണ്ടുംജനനത്താൽ ക്രിസ്തുവിന്റെ വർദ്ധനവായതിനാൽ കർത്താവിന് നന്ദി. എന്നിരുന്നാലും, നാം ജീവിക്കുന്നതും നടക്കുന്നതും കാര്യങ്ങൾ ചെയ്യുന്നതും ആദാമിന്റെ ജീവനാലല്ല, പകരം ക്രിസ്തുവിന്റെ ജീവനാലാണ് എന്ന് നമുക്ക് നിശ്ചയം ഉണ്ടായിരിക്കണം. നാം നമ്മുടെ മനുഷ്യജീവനാൽ ജീവിക്കുന്നിടത്തോളം നാം ആദാമിന്റെ വർദ്ധനവ് മാത്രമാണ്. നാം ദൈവത്തിന്റെ ദിവ്യജീവനാൽ ജീവിക്കുകയും നടക്കുകയും ചെയ്യുമ്പോൾ മാത്രമാണ് നാം ക്രിസ്തുവിന്റെ വർദ്ധനവായിരിക്കുന്നത്. പിന്നീട് നാം ക്രിസ്തുവിന്റെ നേരിണ ആയ മണവാട്ടിയാകും.

ഒരു ഭാര്യ അവളുടെ ഭർത്താവുമായി ഏക ജഡമായിരിക്കുന്നതുപോലെ നാം ക്രിസ്തുവുമായി ഏകാത്മാവാകുന്നു(1 കൊരി. 6:17). ഭാര്യ ഭർത്താവിന്റെ വർദ്ധനവായിരിക്കുന്നതുപോലെ അവന്റെ മണവാട്ടിയായ നാം ക്രിസ്തുവിന്റെ വർദ്ധനവ് ആകുന്നു. രണ്ടാം ജനനത്തിലൂടെ നമ്മുടെ ജീവനായി ക്രിസ്തു ഉണ്ട് എന്ന യാഥാർത്ഥ്യം മൂലം നാം ക്രിസ്തുവിന്റെ വർദ്ധനവാകുന്നു. അതുകൊണ്ട്, വീണ്ടും

ജനനത്തിന്റെ ആത്യന്തിക ഫലം ക്രിസ്തുവിന് അവന്റെ വർദ്ധന വായി ഒരു മണവാട്ടിയുണ്ട് എന്നതാണ്. വീണ്ടുംജനനത്തിലൂടെ ക്രിസ്തു നമ്മിൽ ഉളവാകുന്നതുകൊണ്ട്, വീണ്ടുംജനനത്തിലൂടെ ക്രിസ്തു വർദ്ധിക്കുന്നു. വീണ്ടുംജനിച്ചവരായ നാം അവന്റെ പുനരു ൽപാദനമാണ്.

ഹവ്വയ്ക്ക്, ആദാമിന്റെ വർദ്ധനവായിരിക്കുവാൻ കഴിഞ്ഞതിന് കാരണം, അവൾ ആദാമിന്റെ വാരിയെല്ലിനാൽ സംരചിക്കപ്പെടുക യും, ആദാമിന്റെ ഒരു ഭാഗമായി, ആദാമുമായി ഒരു ജഡം ആയിത്തീരു കയും ചെയ്തതിനാലായിരുന്നു. ഇതേ തത്ത്വത്തിൽ, നമുക്ക് ക്രിസ്തു വിന്റെ വർദ്ധനവായിരിക്കുവാൻ കഴിയുന്നത്, നാം ആത്മീയമായി ക്രിസ്തുവിന്റെ ജീവനാൽ സംരചിക്കപ്പെടുകയും, അവന്റെ ഒരു ഭാഗ മായി അവനുമായി ഏകാത്മാവായിത്തീരുകയും ചെയ്യുന്നതിനാലാ ണ്. ഹവ്വാ, ആദാമിൽനിന്ന് പുറത്തുവന്ന്, ആദാമിലേക്ക് തിരികെ ചേർന്ന് അവനുമായി ഒന്നായിത്തീർന്ന് ആദാമിന്റെ വർദ്ധനവ് ആയി ത്തീർന്നു. ഇതുപോലെ നാമും ക്രിസ്തുവിൽനിന്നു പുറത്തുവന്ന്, അവനുമായി ഒന്നാകേണ്ടതിന് അവനിലേക്ക് മടങ്ങിവന്ന് അവന്റെ വർദ്ധനവായിത്തീരുന്നു. ഈ വർദ്ധനവ് വീണ്ടുംജനനത്തിലൂടെ നമ്മി ലുണ്ടാകുന്ന അവന്റെ പുനരുൽപാദനമാണ്. ഈ പുനരുൽപാദന ത്തിൽ പങ്കാളികളാകുന്നവരെല്ലാം ദൈവം ക്രിസ്തുവിനു നൽകിയി രിക്കുന്നവരാണ്.

## D. ക്രിസ്തുവിനുവേണ്ടിയുള്ള വേലക്കാരൻ കുറയുന്നു

ക്രിസ്തു വളരുവാൻ നാം അനുവദിക്കണം. നാം എല്ലാവരും കുറ യണം. മുഴുവൻ അനുയായികളും അവന്റെ അടുക്കൽ ചെല്ലണം. “കർത്താവേ നീ വളരുകയും ഞാൻ കുറയുകയും ചെയ്യേണ്ടതിന് എന്റെ അനുയായികൾ നിന്റേതാകട്ടെ,”എന്ന് ഇന്നത്തെ എല്ലാ ക്രിസ്തീയ പ്രസംഗകരും നേതാക്കന്മാരും പറയുമെങ്കിൽ, ഇവിടെ യാതൊരു പ്രശ്നവുമുണ്ടാവുകയില്ല.“അവൻ വളരണം ഞാൻ കുറ യണം, എന്നാൽ എന്റെ അനുയായികളെ ഞാൻ തന്നെ സൂക്ഷിക്ക ണം,”എന്ന് ചിലർ പറയുന്നതായി തോന്നും. നിങ്ങൾ നിങ്ങളുടെ അനുയായികളെ കൈവശം സൂക്ഷിക്കുന്നിടത്തോളം നിങ്ങൾ ഒരി ക്കലും കുറയുകയില്ല, അവന് വളരുവാൻ കഴിയുകയില്ല. വളരുന്നതും കുറയുന്നതും എല്ലാം അനുയായികളെ ആശ്രയിച്ചിരിക്കുന്നു. അനു യായികൾ ആരുടേതാണ്? ഇതാണ് ഇന്നത്തെ പ്രശ്നം; എല്ലാ പ്രസംഗകർക്കും അവരുടേതായി അനുയായികളുണ്ട്. എല്ലാ പ്രവർത്തകരും അവരുടെ അനുയായികളെ നിലനിർത്തണം എന്ന ധാരണ അവർക്കുള്ളതിനാൽ, നാമും അവരെപ്പോലെ തന്നെയാ ണെന്ന് അനേകർ ചിന്തിക്കുന്നു. നാം അനുയായികളെ സൂക്ഷിക്കു ന്നില്ല എന്നു പറഞ്ഞാൽ അവർ നമ്മെ വിശ്വസിക്കുകയില്ല. കർത്താവ് നമ്മോടു കരുണ കാണിക്കട്ടെ. അനുയായികളെ നമ്മുടെ കരങ്ങളിൽ

സൂക്ഷിക്കാതിരിക്കുവാൻ കർത്താവിന്റെ കരുണ നമുക്കാവശ്യമാണ്. നാം അങ്ങനെ ചെയ്താൽ, ഒരു ദിവസം നാം തടവറയിൽ അടയ്ക്കപ്പെടും. അനുയായികൾ അവന്റെ അടുക്കൽ പോകട്ടെ. അവൻ വളരുകയും നാമെല്ലാവരും കുറയുകയും വേണം.

Wed

## II. അളവില്ലാത്തവനായ ക്രിസ്തു

യോഹന്നാൻ 3:31-36 അനേക വേദപുസ്തക പരിഭാഷകരെ ആശയക്കുഴപ്പത്തിലാക്കുന്നു. ഏത് ഭാഗത്താണ് ഈ വാക്യങ്ങൾ ചേർക്കേണ്ടതെന്ന് അവർക്കറിയില്ല. ഒരു പരിഭാഷയിൽ ഇവ മറ്റൊരു ഭാഗത്ത് ചേർക്കുകപോലും ചെയ്തിരിക്കുന്നു. ഈ ഭാഗം യോഹന്നാൻ സ്നാപകനോ, കർത്താവായ യേശുവോ, അതോ സുവിശേഷം എഴുതിയ യോഹന്നാനോ ആരായിരുന്നു സംസാരിച്ചത് എന്നതിനെ സംബന്ധിച്ച് ചില പരിഭാഷകർ തർക്കിച്ചിട്ടുണ്ട്. അനേക ഊഹാപോഹങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ കർത്താവിന്റെ കരുണയാൽ ഈ വാക്യങ്ങൾ ആയിരിക്കേണ്ട സ്ഥാനത്തു തന്നെയാണ് എന്ന് നാം കാണുവാനിടയായിരിക്കുന്നു. കാരണം, ഇവ 30-ാം വാക്യം വരെ സംഭവിച്ച കാര്യങ്ങളുടെ തുടർച്ചയാണ്.

ക്രിസ്തു വളരുകയും നാം എല്ലാവരും കുറയുകയും ചെയ്യണമെന്ന് 30-ാം വാക്യം പറയുന്നു. എന്തുകൊണ്ട്? കാരണം ക്രിസ്തു പരിധിയില്ലാത്തവനും സർവ്വവും ഉൾക്കൊള്ളുന്നവനും ആണ്. പരിധിയില്ലാത്തവനായ ക്രിസ്തുവിനെയാണ് ഈ വാക്യങ്ങൾ വെളിപ്പെടുത്തുന്നത്. അവൻ പുൽത്തൊട്ടിയിൽ ജനിക്കുകയും നസറെത്തിലെ പാവപ്പെട്ട ഒരു തച്ചന്റെ ഭവനത്തിൽ വളരുകയും ചെയ്ത ചെറിയ യേശുവായിരുന്നു. അവന് കാഴ്ചയ്ക്ക് സൗന്ദര്യമോ, ആകർഷണീയതയോ ഇല്ലായിരുന്നു. അവൻ വളരെ പരിമിതിയുള്ളവനായിരുന്നു. എന്നിരുന്നാലും, അവൻ സർവ്വവും ഉൾക്കൊള്ളുന്നവനും, അപരിമേയനുമായിരുന്നു. അവൻ സ്വർഗ്ഗത്തെക്കാൾ ഉന്നതനും പ്രപഞ്ചത്തെക്കാൾ വിശാലതയുള്ളവനും ആയിരുന്നു. അവൻ എല്ലാമാകുന്നു, സർവ്വവും അവനുവേണ്ടിയാകുന്നു. നമുക്ക് ഈ വാക്യങ്ങൾ വായിച്ച് അളവില്ലാത്തവനായ ക്രിസ്തുവിനെ സംബന്ധിച്ച് എന്താണ് അവ വെളിവാക്കുന്നത് എന്ന് കാണാം. "ഉയരത്തിൽനിന്നു വരുന്നവൻ എല്ലാവർക്കും മീതേയുള്ളവൻ; ഭൂമിയിൽ നിന്നുള്ളവൻ ഭൗമികൻ ആകുന്നു; ഭൗമികമായതു സംസാരിക്കുന്നു; സ്വർഗ്ഗത്തിൽനിന്നു വരുന്നവൻ എല്ലാവർക്കും മീതെയുള്ളവനായി താൻ കാണുകയും കേൾക്കുകയും ചെയ്തതു സാക്ഷ്യപ്പെടുത്തുന്നു; അവന്റെ സാക്ഷ്യം ആരും കൈക്കൊള്ളുന്നില്ല. അവന്റെ സാക്ഷ്യം കൈക്കൊള്ളുന്നവൻ ദൈവം സത്യവാൻ എന്നുള്ളതിനു മുദ്രയിടുന്നു. ദൈവം അയച്ചവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു; അവൻ ആത്മാവിനെ അളവു കൂടാതെയല്ലയോ കൊടുക്കുന്നത്. പിതാവ് പുത്രനെ സ്നേഹിക്കുന്നു; സകലവും അവന്റെ കയ്യിൽ കൊടുത്തുമിരിക്കുന്നു. പുത്രനിൽ വിശ്വസി

ക്കുന്നവന് നിത്യജീവൻ ഉണ്ട്. പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല. ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളൂ."നാം വിശ്വസിക്കുന്ന ക്രിസ്തു പരിധിയില്ലാത്തവനും, അളവില്ലാത്തവനുമാണെന്ന് ഈ വാക്യങ്ങൾ വെളിപ്പെടുത്തുന്നു.

### A. മേലിൽനിന്ന് വരുന്നവൻ

ക്രിസ്തു അന്ന് ശാരീരികമായി ഭൂമിയിലുള്ള ഒരു വ്യക്തി ആയിരുന്നു. എന്നാൽ അവൻ മേലിൽനിന്നും വരുന്നവനായിരുന്നു. അവൻ ഭൂമിയിലായിരുന്നു, എന്നാൽ അവന്റെ ഉറവിടം മേലിൽ ആയിരുന്നു. അതുകൊണ്ട്, അവൻ എല്ലാത്തിനും മീതേയുള്ളവനാണ്.

### B. സ്വർഗ്ഗത്തിൽനിന്നും വരുന്നവൻ

ക്രിസ്തു മേലിൽനിന്നുള്ള ഒരു വ്യക്തി എന്ന നിലയിൽ സ്വർഗ്ഗത്തിൽ നിന്നുള്ളവൻകൂടിയായിരുന്നു. സ്വർഗ്ഗം ഭൂമിക്കു മീതെയാണ്. അവൻ ഭൂമിയിലായിരുന്നു, എന്നാൽ അവന്റെ ഉറവിടം സ്വർഗ്ഗമായിരുന്നു.

### C. എല്ലാവർക്കും മീതെയുള്ളവൻ

ക്രിസ്തു എല്ലാവർക്കും മീതെയുള്ളവനാണ്. ഈ വചന ഭാഗത്ത് "എല്ലാം"എന്ന പദം പ്രധാനമായും അർത്ഥമാക്കുന്നത് എല്ലാ കാര്യങ്ങളെയോ വിഷയങ്ങളെയോ അല്ല, എല്ലാ ആളുകളെയുമാണ്. ക്രിസ്തു എല്ലാവരെക്കാളും, പ്രത്യേകിച്ച് യോഹന്നാൻ സ്നാപകനെക്കാളും വലിയവനാണ്. ആ സമയം യോഹന്നാൻ യേശുവിന് എതിരായ ഒരു സ്ഥാനത്തായിരുന്നു. യോഹന്നാനും യേശുവും ശിഷ്യന്മാരെ സ്വീകരിച്ചു. യോഹന്നാന്റെ ശിഷ്യന്മാരുടെ കണ്ണിൽ യോഹന്നാൻ കർത്താവായ യേശുവിന്റെ അതേ നിലവാരത്തിലായിരുന്നു. എന്നാൽ അത് ശരിയായിരുന്നില്ല. അതുകൊണ്ട് 31-ാം വാക്യം ക്രിസ്തു എല്ലാവരിലും വലിയവൻ എന്നു പറയുന്നു. അവൻ എന്നെക്കാളും നിങ്ങളെക്കാളും മറ്റെല്ലാവരെക്കാളും വലിയവനാണ്.

### D. സ്വർഗ്ഗത്തിൽനിന്നുള്ളവൻ എങ്കിലും അപ്പോഴും സ്വർഗ്ഗത്തിലുള്ളവൻ

ക്രിസ്തു സ്വർഗ്ഗത്തിൽനിന്നുള്ളവനായിരുന്നു; എങ്കിലും അവൻ ഭൂമിയിൽ ആയിരുന്നപ്പോഴും സ്വർഗ്ഗത്തിൽ തന്നെയായിരുന്നു(3:13). അവൻ സാർവ്വത്രികനാണ്, അവൻ അളവില്ലാത്തവനാണ്.

### E. ദൈവത്തിന്റെ വചനം ശുശ്രൂഷിക്കുകയും ആത്മാവിനെ അളവുകൂടാതെ പകരുകയും ചെയ്യുന്നു

"ദൈവം അയച്ചവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു. അവൻ ആത്മാവിനെ അളവു കൂടാതെയല്ലോ കൊടുക്കുന്നത്"എന്ന് 34-ാം വാക്യം പറയുന്നു. ഈ വാക്യത്തിൽ നാം രണ്ടു കാര്യങ്ങൾ കാണുന്നു: കർത്താവായ യേശു തന്റെ ജനത്തിന് ദൈവത്തിന്റെ

വചനം ശുശ്രൂഷിക്കുന്നു. അവൻ ദൈവജനത്തിന് ആത്മാവിനെ അളവു കൂടാതെ കൊടുക്കുന്നു. ചില തർജ്ജമകളിൽ ഈ പദം തെറ്റായി ഉപയോഗിച്ച്, പിതാവായ ദൈവം പുത്രന് ആത്മാവിനെ അളവില്ലാതെ കൊടുക്കുന്നു എന്ന് പറയുന്നു. എന്നാൽ ഏറ്റവും മികച്ച കയ്യെഴുത്ത് പ്രതികൾ നിങ്ങൾ പരിശോധിച്ചാൽ പുത്രൻ ദൈവജനത്തിന് ആത്മാവിനെ അളവില്ലാതെ കൊടുക്കുന്നു എന്നാണ് ഇത് അർത്ഥമാക്കുന്നത് എന്ന് നിങ്ങൾ കാണും. കർത്താവായ യേശു ജീവനുള്ള വചനവും അളവില്ലാത്ത ആത്മാവിനേയും ശുശ്രൂഷിക്കുന്നു.

സ്ഥലംസഭകളിൽ ന്യായമായി രണ്ടു കാര്യങ്ങളേ നമുക്കാവശ്യമുള്ളൂ: ജീവനുള്ള വചനവും, അളവില്ലാത്ത ആത്മാവും. ഇന്ന് സഭയുടെ തല എന്ന നിലയിൽ ക്രിസ്തു ഈ രണ്ടു കാര്യങ്ങളും ശുശ്രൂഷിക്കുന്നു. ജീവനുള്ള വചനം ശുശ്രൂഷിക്കുന്നതിൽ അവൻ നമ്മെ പ്രത്യേകമായി ഭാരപ്പെടുത്തിയിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. നാം വചനം സംസാരിക്കുന്നുവെങ്കിലും വചനം ശുശ്രൂഷിക്കുന്നത് നാമല്ല. നാം സംസാരിക്കുന്നു; എന്നാൽ അവൻ ശുശ്രൂഷിക്കുന്നു. നമ്മുടെ സംസാരത്തിൽ അവന്റെ സമ്പന്നവചനം അവൻ ശുശ്രൂഷിക്കുന്നു. അവനാണ് ദിവ്യപ്രസംഗകനും, ദിവ്യപകർച്ചക്കാരനും. അവൻ സമ്പന്നവചനം ശുശ്രൂഷിക്കുകയും, അവന്റെ ജീവനുള്ള ആത്മാവിനെ അളവില്ലാതെ പകരുകയും ചെയ്യുന്നു. അവന്റെ എല്ലാ അംഗങ്ങളെയും ജീവനുള്ള വചനത്താൽ പോഷിപ്പിക്കുന്നത് അവനാണ്. അവന്റെ എല്ലാ അംഗങ്ങളും പൂർണ്ണമായും പ്രവർത്തിക്കുവാൻവേണ്ടി അവരിലേക്ക് ആത്മാവിനെ പകരുന്നത് അവനാണ്. മറ്റാർക്കും ഇത് ചെയ്യുവാൻ കഴിയുകയില്ല. അവൻ സർവ്വവും ഉൾക്കൊള്ളുന്ന ആത്മാവും, സർവ്വവും ഉൾക്കൊള്ളുന്ന ക്രിസ്തുവുമാണ്. അവൻ പരിധിയില്ലാത്തവനാണ്.

ഈ അന്ത്യനാളുകളിൽ ഐശ്വര്യമായ വചനവും ജീവനുള്ള ആത്മാവും മുഖാന്തരം കർത്താവ് തന്റെ വഴി ന്യായീകരിക്കുവാൻ പോകുന്നു. കർത്താവ് എവിടെ ആണ്? സമ്പന്നമായ വചനവും ജീവനുള്ള ആത്മാവും എവിടെയുണ്ടോ അവിടെയാണ് അവൻ. കർത്താവിന്റെ സാന്നിദ്ധ്യത്തിന്റെ അടയാളമായി മറ്റൊന്നും കരുതുവാൻ കഴിയുകയില്ല. വചനത്തിന്റെ ഐശ്വര്യവും സജീവമായ ആത്മാവുമില്ലാതെ നാം കൂടിവരുകയും, എന്നിട്ടും കർത്താവിന്റെ നാമത്തിലാണ് കൂടിവരുന്നത് എന്ന് അവകാശപ്പെടുകയും, ചെയ്താൽ നമ്മുടെ അവകാശവാദം അർത്ഥശൂന്യമാണ്; അത് മായയാണ്. നാം പറയുന്നത് പിന്താങ്ങുവാൻ തെളിവ്, യാഥാർത്ഥ്യം ഇല്ല. നാം സഭയാണെന്ന് സ്ഥാപിക്കേണ്ട ആവശ്യം നമുക്കില്ല. നമുക്ക് സമ്പന്നമായ വചനവും ജീവനുള്ള ആത്മാവും ഉള്ളിടത്തോളം നാം സഭയാണെന്നുള്ളതിന് സ്ഥിരീകരണമുണ്ട്. കർത്താവായ യേശു എവിടെയുണ്ടോ അവിടെ നിങ്ങൾ സമ്പന്നമായ വചനവും ജീവനുള്ള ആത്മാവും കണ്ടെത്തും.

ആളുകൾ പലപ്പോഴും സഭയെക്കുറിച്ച് സംസാരിക്കുകയും തർക്കിക്കുകയും ചെയ്യാറുണ്ട്. ഒടുവിൽ, സഭയെക്കുറിച്ച് സംസാരിക്കുകയും തർക്കിക്കുകയും ചെയ്തിരുന്നവരിൽ അധികംപേരും അതിനെക്കുറിച്ച് എന്തെങ്കിലും പറയുവാൻ ഭയപ്പെടുന്നു. അവർ സഭയെന്ന പദം പോലും ഉപയോഗിക്കുവാൻ ഇഷ്ടപ്പെടാത്തവരായി തങ്ങളുടെ വായടയ്ക്കുന്നു."സഭയെക്കുറിച്ച് സംസാരിക്കണ്ട. സഭയെന്നുള്ളത് പ്രശ്നമുണ്ടാക്കുന്നതായ ഒന്നാണ്"എന്ന് അവർ പറയുന്നു. സഭയെ സംബന്ധിച്ച് എന്താണ് ശരി, എന്താണ് തെറ്റ് എന്നു പറയുവാൻ ആളുകൾക്ക് ബുദ്ധിമുട്ടാണ്. എന്താണ് സഭ? ക്രിസ്തു വളരുന്നതും എല്ലാ നായകന്മാരും കുറയുന്നതുമാണ് സഭ. നായകന്മാർ വളരുകയും ക്രിസ്തു തടവിലാക്കപ്പെടുകയും ചെയ്യുന്നത് എപ്പോഴെങ്കിലും നിങ്ങൾ കണ്ടാൽ അത് സഭയല്ല. ക്രിസ്തു തുടർച്ചയായി വളരുകയും നേതൃത്വം കുറയുകയും ചെയ്യുന്ന ഒന്നാണ് സഭ.

സഭ ക്രിസ്തുവിന്റെ ശരീരമാകുന്നു. മഹാപുരോഹിതന്റെ അഭിഷേകതൈലം അവന്റെ ശരീരത്തിന്മേൽ ഒഴിക്കപ്പെടുന്നതും, അത് അവന്റെ വസ്ത്രത്തിന്റെ വിളുമ്പിലേക്ക് ഒഴുകുന്നതും(സങ്കീ.133:2) കാണിക്കുന്നത് സമ്പന്നമായ ജീവനുള്ള ആത്മാവ് വരങ്ങളുടെയോ, അത്ഭുതങ്ങളുടെയോ വിഷയമല്ല, മറിച്ച് ജീവനിലുള്ള അഭിഷേകത്തിന്റെ വിഷയമാണ്(സങ്കീ.133:3) എന്ന് നമുക്കറിയാം. സഭയിൽ ക്രിസ്തു സർവ്വമുൾക്കൊള്ളുന്ന തലയെന്ന നിലയിൽ, ജീവന്റെ ആത്മാവിനെ അളവില്ലാതെ കൊടുക്കുന്നു. വിശുദ്ധന്മാർ സ്വതന്ത്രമായി പ്രാർത്ഥിക്കുന്നത് കേൾക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. എന്നാൽ തല അഭിഷേകം നൽകാതിരിക്കുകയും എന്നിട്ടും നാം പ്രാർത്ഥിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നുവെങ്കിൽ, എന്തു സംഭവിക്കും? അവൻ അഭിഷേകത്തെ തിരികെയെടുക്കുന്നു എങ്കിൽ നാം പ്രാർത്ഥിക്കുവാൻ ഏറ്റവും നന്നായി പരിശ്രമിച്ചാലും, ജീവസുറ്റ മാർഗ്ഗത്തിൽ പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയുകയില്ല. ഔപചാരികവും, വിരസവുമായ മാർഗ്ഗത്തിൽ പ്രാർത്ഥിക്കുവാനേ നമുക്ക് കഴിയൂ. വിശുദ്ധന്മാരുടെ പ്രാർത്ഥനയിൽ അഭിഷേകം നിറഞ്ഞിരിക്കുന്നതുകൊണ്ട് ഈ നാളുകളിൽ അവരുടെ പ്രാർത്ഥന കേൾക്കുമ്പോൾ ഞാൻ നനയ്ക്കപ്പെടാറുണ്ട്. സർവ്വവും ഉൾക്കൊള്ളുന്ന തലയിൽനിന്നാണ് ഈ അഭിഷേകം വരുന്നത്. നമുക്ക് അഭിഷേകമുള്ളിടത്തോളം നാം ശരീരമാണ്. അഭിഷേകതൈലം അഹരോന്റെ വസ്ത്രത്തിൽ ഒഴിച്ചിരിക്കുന്നു എന്നതിന്റെ അർത്ഥം അത് ക്രിസ്തുവിന്റെ ശരീരത്തിൽ ഒഴിക്കപ്പെട്ടിരിക്കുന്നു എന്നാണ്. ഒരു പ്രത്യേക യോഗത്തിൽ പ്രാർത്ഥിക്കുവാൻ നാം ആളുകളെ മുൻകൂട്ടി ക്രമീകരിക്കേണ്ടി വരുന്നുവെങ്കിൽ അതൊരു സംഘടനയാണ്, ശരീരമല്ല. ഒരു സംഘടനയ്ക്ക് അഭിഷേകമോ, അളവു കൂടാത്ത ആത്മാവോ ആവശ്യമില്ല. ഒരു യോഗത്തിൽ ആദ്യം മുതൽ അവസാനം വരെ പ്രാർത്ഥന നിറഞ്ഞിരിക്കുന്നത് ദൈവസാന്നിദ്ധ്യത്തിന്റെ തെളിവായിരിക്കും. ഇത് തെളിയിക്കുന്നത്

മുഴുശരീരവും അളവു കൂടാത്ത ആത്മാവിന്റെ അഭിഷേകത്തിൻ കീഴി ലാണ് എന്നുള്ളതാണ്. അവിടെ രണ്ടര മണിക്കൂർ പ്രാർത്ഥിക്കുവാൻ നമ്മോട് ആരും പറയേണ്ട ആവശ്യമില്ല. അങ്ങനെയെങ്കിൽ അത് നമ്മുടെ വേലയാണ്, തലയുടെ വേലയല്ല. എവിടെയാണ് സഭ? ആരാണ് സഭ? എന്താണ് സഭ? എവിടെ ആത്മാവുണ്ടോ അവിടെ യാണ് സഭ.

സഭയുടെ മറ്റൊരടയാളം വചനമാണ്. നിങ്ങൾ അപ്പൊസ്തലപ്ര വൃത്തികൾ വായിക്കുകയാണെങ്കിൽ, സഭയുടെ ആദ്യനാളുകളിൽ ആത്മാവും വചനവമുണ്ടായിരുന്നു എന്ന് നിങ്ങൾ കാണും. എന്നാൽ ഇത് എഴുതപ്പെട്ട വചനമല്ല. അപ്പൊസ്തല പ്രവൃത്തികളിൽ സഭയ്ക്ക് ജീവനുള്ള വചനം, നിറയെ ജീവനും വെളിച്ചവും അഭിഷേകവും നന യ്ക്കലുമുള്ള വചനം, ഉണ്ടായിരുന്നു. സഭയ്ക്ക് കർത്താവ് ഇന്ന് സംസാരിക്കുന്ന ജീവനുള്ള തൽസമയ വചനമുണ്ട്. എവിടെ ജീവ നുള്ള വചനമുണ്ടോ അവിടെ സഭ ഉണ്ട്.

കർത്താവിനു സ്തോത്രം, നമ്മെ അവൻ എഴുന്നേൽപ്പിച്ച നാൾ മുതൽ അവന്റെ വിശുദ്ധ വചനം ജീവനുള്ള മാർഗ്ഗത്തിൽ നമുക്കായി തുറന്നിരിക്കുന്നു. ദിവസങ്ങൾ കഴിയുന്തോറും വചനം അധികമധിക മായി നമുക്ക് തുറന്നു കിട്ടുമെന്ന് ഞാൻ വിശ്വസിക്കുന്നു. കർത്താ വിന്റെ സാന്നിദ്ധ്യം സഭയിലുള്ളതിനാൽ പുറമേയുള്ള കാര്യങ്ങൾ നമുക്കാവശ്യമില്ല. അവന്റെ ജീവനുള്ള ആത്മാവും ജീവനുള്ള വചന വും സഭയിലുണ്ട്. എവിടെയാണ് സഭയെന്നും ഇത് തെളിയിക്കുന്നു. കൂടാതെ ഇത് സഭയുടെ തല പരിധിയില്ലാത്തവനായ ക്രിസ്തുവാ ണെന്നും സാക്ഷ്യപ്പെടുത്തുന്നു.

അനുയായികളെ നമ്മുടെ നിയന്ത്രണത്തിൽ സൂക്ഷിക്കുന്നത് ദൈവനിന്ദയാണ്. എല്ലാ അനുയായികളും അവന്റെ അടുക്കലേക്ക് പോകണം. നാം നമ്മുടെ അനുയായികളെ പോകുവാൻ അനുവദി ക്കുന്തോറും വേദപുസ്തകം നമുക്ക് അധികമായി തുറന്നു കിട്ടുക യും ശരീരത്തിന്മേൽ അധികം അഭിഷേകമുണ്ടായിരിക്കുകയും ചെയ്യും. സഹോദരീസഹോദരന്മാരേ, ഈ രാജ്യത്തു മാത്രമല്ല, ലോകത്തെ ല്ലായിടത്തും കർത്താവ് തന്റെ വഴി ന്യായീകരിക്കുവാൻ പോകുന്ന തായ സമയമാണിത്. അവന്റെ ദിവ്യവചനം ഇതിനു മുമ്പ് ഉണ്ടായി രുന്നതിനെക്കാൾ അധികമായി തന്റെ ശരീരത്തിന് തുറന്നു കൊടു ക്കും. ആത്മാവിന്റെ അഭിഷേകവും ഏഴിരട്ടി തീവ്രത പ്രാപിക്കും (വെളി. 1:4). സർവ്വവും ഉൾക്കൊള്ളുന്ന ക്രിസ്തുവും ജീവനുള്ള വച നവും, തീവ്രവൽക്കരിക്കപ്പെട്ട ആത്മാവും സഭയുടെ വഴിയെ ന്യായീകരിക്കും. അല്ലെങ്കിൽ ആരാണ്, എവിടെയാണ്, എന്താണ് സഭ യെന്ന് ആളുകൾക്ക് അറിയുവാൻ പ്രയാസമാണ്.

ഹാല്ലേലൂയ്യ, നാം വീണ്ടുംജനിച്ചവരാണ്! നാം അവന്റെ വർദ്ധനവിനായി വീണ്ടുംജനിച്ചിരിക്കുന്നു. അവന്റെ വർദ്ധനവ് സർവ്വവും ഉൾക്കൊള്ളുന്ന ക്രിസ്തുവിനുവേണ്ടിയാണ്. യോഹന്നാൻ മൂന്നാം അദ്ധ്യായത്തിൽ മൂന്ന് പ്രധാനകാര്യങ്ങളുണ്ട്: വീണ്ടുംജനനവും, ക്രിസ്തുവിന്റെ മണവാട്ടിയാകുന്ന വർദ്ധനവും, സർവ്വവും ഉൾക്കൊള്ളുന്ന ക്രിസ്തുവും.

## F. പിതാവിനാൽ സ്നേഹിക്കപ്പെടുന്നു

പിതാവ് പുത്രനെ സ്നേഹിക്കുന്നു(3:35). പിതാവിന്റെ സ്നേഹപാത്രമാണ് പുത്രൻ. സ്നേഹത്തിൽ പിതാവ് പുത്രനെ സകലത്തിനും മീതെ സകലത്തിലും സകലവും ആക്കിയിരിക്കുന്നു. പുത്രന്റെ സർവ്വാത്മകത പിതാവിന്റെ സ്നേഹത്തെ സംബന്ധിച്ച ഒരു വിഷയം ആണ്.

## G. പിതാവ് നൽകിയ സകലത്തോടുംകൂടെ

പിതാവ് സകലവും അവന്റെ കയ്യിൽ കൊടുത്തിരിക്കുന്നു എന്നും 35-ാം വാക്യം പറയുന്നു. വീണ്ടും, ഇവിടെ“എല്ലാം”എന്നത് പ്രധാനമായും എല്ലാ കാര്യങ്ങളെയോ, എല്ലാ വിഷയങ്ങളെയോ അല്ല, എല്ലാ ജനത്തെയും ആണ് അർത്ഥമാക്കുന്നത്. പിതാവ് സകല ജനത്തെയും പുത്രന് നൽകിയിരിക്കുന്നു. പിതാവ് ഒരിക്കലും ആരെയും യോഹന്നാൻ സ്നാപകന് നല്കിയില്ല. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിൽ ആരും യോഹന്നാൻ സ്നാപകനോ ഏതെങ്കിലും ക്രിസ്തീയ പ്രവർത്തകനോ ഉള്ളവനല്ല. യോഹന്നാനും, ക്രിസ്തീയ പ്രവർത്തകർ ആരും ദൈവജനത്തിൽ ആരെയും സ്വീകരിക്കരുത്. പിതാവായ ദൈവം തന്റെ വ്രതന്മാരെ എല്ലാം പുത്രന് നൽകിയിരിക്കുന്നു. എല്ലാവരും അവങ്കലേക്ക് പോകണം. അവൻ എല്ലാവർക്കും മീതേയുള്ളവനും, എല്ലാവരിലും ഉന്നതനുമാണ്. എല്ലാവരെയും അവന് നൽകിയിരിക്കുന്നു. എല്ലാവരും അവന്റെ കൈക്കീഴിൽ ആയിരിക്കണം.

## H. നിത്യജീവനുണ്ടാകുവാൻ ഈ ക്രിസ്തുവിൽ വിശ്വസിക്കുന്നു

“പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്,”എന്ന് 36-ാം വാക്യം പറയുന്നു. യോഹന്നാൻ 3-ൽ ക്രിസ്തുവിന്റെ വ്യക്തിത്വത്തെയും വേലയെയും നാം കണ്ടു. അവൻ ആയിരിക്കുന്നതും അവൻ ചെയ്തതുമെല്ലാം നാം രക്ഷിക്കപ്പെടുവാനും നമ്മെ അവന്റെ വർദ്ധനവായ അവന്റെ മണവാട്ടിയാകുവാൻ വീണ്ടുംജനിപ്പിക്കുന്നതിനും വേണ്ടിയാണ്. ഓ, അവൻ എത്ര അത്ഭുതവാനാണ്! അവൻ അത്ഭുതകരമായ ഒരു വേല നിവർത്തിച്ചിരിക്കുന്നു. അതുകൊണ്ട്, നാം അവനിൽ വിശ്വസിക്കണം. അവനിൽ വിശ്വസിക്കുന്നതിനാൽ നമുക്ക് ദൈവത്തിൽനിന്നുള്ള പാപക്ഷമയും, നിത്യജീവനായ ദിവ്യജീവനും

ലഭിക്കുന്നു. ഇങ്ങനെയുള്ള ഒരുവനിൽ വിശ്വസിക്കുന്നതിനാൽ നമുക്ക് ദൈവത്തിൽനിന്നുള്ള പാപക്ഷമ ലഭിക്കുന്നു; അവന്റെ വീണ്ടെടുപ്പിലൂടെ ദൈവത്തിന്റെ ശിക്ഷാവിധിയിൽനിന്നു മോചനം ലഭിക്കുന്നു; ആത്മാവിന്റെ വീണ്ടുംജനനത്തിലൂടെ ദൈവത്തിന്റെ സൃഷ്ടിക്കപ്പെടാത്ത ജീവനായ നിത്യജീവൻ ലഭിക്കുന്നു. ഇങ്ങനെ നാം ദൈവത്തിൽനിന്ന് ജനിച്ചവരായി സാത്താന്റെ ദുഷ്ടശക്തിയിൽനിന്ന് വിടുതൽ പ്രാപിച്ച് ദൈവരാജ്യത്തിലേക്ക് മാറ്റപ്പെടുന്നു. അല്ലെങ്കിൽ നാം സാത്താനാൽ വിഷമേറ്റവരായി തുടരുകയും ദൈവത്തിന്റെ ന്യായവിധിയിൻകീഴിൽ ആയിരിക്കുകയും പിന്നീട് ദൈവത്തിന്റെ കോപം നമ്മിൽ വെളിപ്പെടുകയും ചെയ്യും. നേരത്തെ നാം ദൈവത്തിന്റെ ശത്രുവായ സാത്താനാൽ വിഷമേറ്റ സർപ്പങ്ങളും ദൈവത്തിന്റെ ന്യായവിധിയിൽ കുറ്റം വിധിക്കപ്പെട്ടവരും ആയിരുന്നു. അവന്റെ മരണ പുനരുത്ഥാനങ്ങളാൽ നാം രക്ഷിക്കപ്പെടുകയും വീണ്ടുംജനിച്ച് അവന്റെ മണവാട്ടിയുടെ ഭാഗമായിത്തീരുകയും ചെയ്തതിനായി കർത്താവിന് സ്തോത്രം. അതുകൊണ്ട്, നാം അവന്റെ വർദ്ധനവ്, അവന്റെ പുനരുൽപാദനമായ അവന്റെ മണവാട്ടി, അവന്റെ നേർ പകുതി, ആണ്.

## I. ഈ ക്രിസ്തുവിനെ അനുസരിക്കാതിരിക്കുന്നത് ദൈവക്രോധത്തിൻ കീഴിൽ ആകുകയാണ്

ആരെങ്കിലും ഈ ക്രിസ്തുവിനെ അനുസരിക്കാതിരിക്കുന്നുവെങ്കിൽ, അവൻ നിത്യനരകത്തിലേക്കുള്ള ദൈവകോപത്തിൻ കീഴിലാണ്. എന്നാൽ നാം അനുസരിക്കാത്തവരല്ല, പകരം വിശ്വസിക്കുന്നവരാണ്. നാം ഒരിക്കലും നശിച്ചുപോകുകയില്ല. നാം ദൈവത്തിന്റെ ശിക്ഷാവിധിയിൽനിന്നും, സാത്താന്റെ സർപ്പസ്വഭാവത്തിൽനിന്നും രക്ഷിക്കപ്പെടുകയും അവന്റെ സാർവത്രിക വർദ്ധനവായി സർവ്വവും ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ മണവാട്ടിയാകുവാൻ ദൈവത്തിന്റെ നിത്യജീവനാൽ വീണ്ടുംജനിക്കുകയും ചെയ്തിരിക്കുന്നു.